# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

((പ്രാബല്യം: : **09.09.2023** മുതൽ **13.09.2023**വരെ)

## കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം
പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/കെ.എസ്.ഡി.-72/2023 | തീയ്യതി: 08/09/2023 |
|---|---|

### എ.പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 93.0 | 29.9 – 31.5 | 23.4 – 24.0 | 89–98 | 00 - 01 |

### ബി.വരുന്നഅഞ്ച്ദിവസങ്ങളിലേക്കുള്ളകാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 09-09-2023 | 10-09-2023 | 11-09-2023 | 12-09-2023 | 13-09-2023 |
|---|---|---|---|---|---|
| ശരാശരിമഴ,മി.മീ | 12 | 8 | 7 | 5 | 8 |
| കൂടിയതാപനില, °C | 31 | 31 | 31 | 31 | 30 |
| കുറഞ്ഞതാപനില, °C | 25 | 25 | 25 | 24 | 24 |
| കൂടിയആപേക്ഷികആർദ്രത, % | 93 | 95 | 95 | 95 | 96 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 88 | 80 | 80 | 80 | 78 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 6 | 8 | 4 | 3 | 3 |
| കാറ്റിന്റെദിശ, ഡിഗ്രി | 290 | 290 | 270 | 290 | 270 |
| മേഘവിന്യാസം, ഒക്ടാ | 8 | 8 | 8 | 8 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | **ഒറ്റപ്പെട്ട ശക്തിയായ മഴ **** | | |
| | ഒറ്റപ്പെട്ടയിടങ്ങളിൽ കനത്തമഴ (ഇരുപത്തിനാലു മണിക്കൂറിൽ 115.5 മില്ലി വരെ) ലഭിക്കും.<br>ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും. ആകാശം പൂർണമായും മേഘാവൃതമായിരിക്കും. അന്തരീക്ഷ ഊഷ്മാവ് സ്വാധാരണയിൽ കുറവായിരിക്കും.<br>സെപ്റ്റംബർ 08 മുതൽ 10 വരെ ഒറ്റപ്പെട്ടയിടങ്ങളിൽ കനത്തമഴ (ഇരുപത്തിനാലു മണിക്കൂറിൽ 115.5 മില്ലി വരെ) ലഭിക്കും.<br>സെപ്റ്റംബർ 11 നും 12 നും മഴ (ഇരുപത്തിനാലു മണിക്കൂറിൽ 64.4 മില്ലി വരെ) ലഭിക്കും. | | |

| | | | |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | ലഭ്യമാകുന്ന വെള്ളം പാടങ്ങളിൽ കെട്ടി നിർത്തുക. രണ്ടു ദിവസത്തേക്ക് ജലസേചനം വളപ്രയോഗം എന്നിവ നിർത്തിവെക്കുക.<br>മരത്തണലിലോ ബലക്ഷയം വന്ന കെട്ടിടങ്ങളിലോ വിശ്രമിക്കരുത്<br>വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര, വളം, കാലിത്തീറ്റ/കോഴിത്തീറ്റ എന്നിവ സുരക്ഷിതമാക്കി സൂക്ഷിക്കുക<br>വാഴ പച്ചക്കറികൾ എന്നിവ താങ്ങുകൾ നല്കി സംരക്ഷിക്കുക.<br>കന്നുകാലികളെ തുറന്ന സ്ഥലത്ത് കെട്ടിയിടുകയോ മേയാൻ അനുവദിക്കുകയോ ചെയ്യരുത്. അവയെ ശക്തി കുറഞ്ഞ മേൽ കൂരകൾക്കടിയിൽ പാർപ്പിക്കരുത്<br>വളമിടുക, വിതയ്ക്കുക, നടീൽ തുടങ്ങിയ കാർഷികവൃത്തികൾ കാലാവസ്ഥ അനുകൂലമാകുന്നത് വരെ കുറച്ചു ദിവസത്തേക്ക് മാറ്റിവെക്കുക.<br>മഴയില്ലാത്ത സമയത്ത് മാത്രം കീടനാശിനി തളിക്കുക.കീടനാശിനി മഴവെള്ളത്തിൽ ഒലിച്ചു പോവാതിരിക്കാൻ പശ കൂട്ടിച്ചേർത്ത് പ്രയോഗിക്കാൻ ശ്രദ്ധിക്കുക. | | |
| നെല്ല് | വൈകി വിതച്ച ഒന്നാം വിളയുടെ പൂവിടുമ്പോൾ മുതൽ ധാന്യം നിറയുന്ന ഘട്ടം/ രണ്ടാം വിളയുടെ | കൃഷിനാശം | മഴ തുടരുകയാണെങ്കിൽ വയലുകളിലെ നീർ ചാലുകൾ തുറക്കുക.<br>വളരെ ശക്തമായ മഴ പെയ്യുന്ന സമയത്ത് വളപ്രയോഗം/സ്‌പ്രേ ചെയ്യൽ പ്രവർത്തനങ്ങൾ നിർത്തിവെക്കുക.<br>ബ്ലീച്ചിംഗ് പൗഡർ നിറച്ച സുഷിരങ്ങളുള്ള തുണി സഞ്ചികൾ പാട വരമ്പിലെ, വയലിലേക്ക് വെള്ളം കയറുന്ന നാഴികളിൽ നിക്ഷേപിക്കുക. |
| തെങ്ങ് | പുതുതായി നട്ട തൈകൾ | തൈക്കുഴികളിൽ വെള്ളം കെട്ടിനിൽക്കുകയും തുടർന്ന് കൂമ്പു ചീയലും | തൈകൾ നട്ട കുഴികളിൽ വെള്ളം കെട്ടിനിൽക്കാൻ അനുവദിക്കരുത്, കുഴികളിൽ ഒഴുകുന്ന വെള്ളം ശേഖരിക്കപ്പെടുന്നത് തടയുക.<br>കനത്ത മഴ നിലയ്ക്കുന്നത് വരെ വളപ്രയോഗം നീട്ടിവെക്കുക, ഉഴുതുമറിക്കൽ പോലുള്ള കാർഷിക പ്രവർത്തനങ്ങൾ മാറ്റിവയ്ക്കുക.<br>1. കനത്ത മഴ നിലച്ചതിനു ശേഷം ഉടൻ തന്നെ 1% ബോർഡോ മിശ്രിതം പശ കൂട്ടി ചേർത്ത് തൈകളുടെ ഇലകളിലും വളരുന്ന കൂമ്പുകളിലും തളിക്കുക,<br>2. കുഴികളിൽ വെള്ളം ട്ടിനിൽക്കുകയാണെങ്കിൽ, മഴ കുറഞ്ഞാൽ ഉടൻ തന്നെ വറ്റിച്ച് മണ്ണ് ഇളക്കി വായുസഞ്ചാരം നൽകുക. |
| കശുമാവ് | കായ്ക്കുന്നതിനു മുൻപുള്ള ഘട്ടം | തേയില കൊതുക്<br> | ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതത്തിൽ ഒരു ലിറ്ററിൽ 2 മില്ലി വീതം ക്വിനാൽഫോസ് ചേർത്ത് തളിക്കുക. |

| | | | |
|---|---|---|---|
| കുരുമുളക് | വളർച്ചയുടെ വിവിധ ഘട്ടങ്ങൾ | വെള്ളം കെട്ടിനിൽക്കുകയും തുടർന്ന് ഉണ്ടായേക്കാവുന്ന വള്ളി ചീച്ചലും | കനത്ത മഴ തുടരുകയാണെങ്കിൽ നീർച്ചാലുകൾ തുറന്നു വെള്ളം വാഴ്ത്തുകളയുക. താഴെ വീണുകിടക്കുന്ന ഇലകളും അഴുകിയ സസ്യ ഭാഗങ്ങളും നീക്കം ചെയ്തു തോട്ടത്തിൽ സമ്പൂർണ ശുചിത്വം അവലംബിക്കുക. മഴ നിൽക്കുന്ന മുറയ്ക്ക് വള്ളികളുടെ ചുവട്ടിൽ മണ്ണ് കയറ്റിക്കൊടുത്തു വേരുകൾ ആവരണം ചെയ്യുക. ചീച്ചാൽ രോഗം തടയാനായി മഴ നിന്ന ഉടനെ 1% വീര്യത്തിൽ ബോഡോമിശ്രിതം തയ്യാറാക്കി മണ്ണിൽ കുതിർക്കുകയും ഇലയിലും വള്ളിയുടെ അഗ്ര മുകുളങ്ങളിലും തളിക്കുക |
| വാഴ | വളർച്ചയുടെ വിവിധ ഘട്ടങ്ങൾ | കാറ്റത്തു മറിഞ്ഞു വീഴുക/ വെള്ളം കെട്ടിനിൽക്കുകയും തുടർന്ന് ഉണ്ടായേക്കാവുന്ന ചീച്ചലും | താങ്ങുകൾ നൽകുക. കനത്ത മഴ തുടരുകയാണെങ്കിൽ നീർച്ചാലുകൾ തുറന്നു വെള്ളം വാഴ്ത്തുകളയുക. ചുവടിളക്കി മണ്ണ് കയറ്റിക്കൊടുത്തു വേരുകൾ ആവരണം ചെയ്യുക. ചീച്ചാൽ രോഗം തടയാനായി മഴ നിന്ന ഉടനെ ഒരു ലിറ്റർ വെള്ളത്തിന് 2g കോപ്പർ ഓക്സി ക്ലോറൈഡ് വീതം കലർത്തി തയ്യാറാക്കിയ ലായനി വാഴ ചുവട്ടിൽ മണ്ണിൽ കുതിർക്കുക. |
| പച്ചക്കറികൾ | വളട്ടിർച്ചയുടെ വിവിധ ഘട്ടങ്ങൾ | കാറ്റത്തു മറിഞ്ഞു വീഴുക/ വെള്ളം കെട്ടിനിൽക്കുകയും തുടർന്ന് ഉണ്ടായേക്കാവുന്ന ചീച്ചലും | താങ്ങുകൾ നൽകുക. കനത്ത മഴ തുടരുകയാണെങ്കിൽ നീർച്ചാലുകൾ തുറന്നു വെള്ളം വാർത്തുകളയുക. ചുവടിളക്കി മണ്ണ് കയറ്റിക്കൊടുത്തു വേരുകൾ ആവരണം ചെയ്യുക. ചീച്ചാൽ രോഗം തടയാനായി മഴ നിന്ന ഉടനെ ഒരു ലിറ്റർ വെള്ളത്തിന് 2g കോപ്പർ ഓക്സി ക്ലോറൈഡ് വീതം കലർത്തി തയ്യാറാക്കിയ ലായനി ചുവടിലെ മണ്ണിൽ കുതിർക്കുക. |
| ഇഞ്ചി/മഞ്ഞൾ | വിവിധ ഘട്ടങ്ങൾ | വെള്ളം കെട്ടിനിൽക്കുകയും തുടർന്ന് ഉണ്ടായേക്കാവുന്ന ചീച്ചലും | നീർച്ചാലുകൾ തുറന്നു വെള്ളം വാഴ്ത്തുകളയുക.മഴ നിൽക്കുന്ന മുറയ്ക്ക് ചുവടിളക്കി മണ്ണ് കയറ്റിക്കൊടുത്തു ചുവട്ടിൽ ആവരണം ചെയ്യുക. ചീച്ചാൽ രോഗം തടയാനായി മഴ നിന്ന ഉടനെ 1% വീര്യത്തിൽ ബോഡോമിശ്രിതം തയ്യാറാക്കി മണ്ണിൽ കുതിർക്കുക. |
| കന്നു കാലികൾ | വിവിധ ഘട്ടങ്ങൾ | തീറ്റയിൽ പൂപ്പൽ ബാധ/ മഴയെ തുടർന്നുള്ള പനി | തീറ്റ ഈർപ്പം തട്ടാത്ത മുറികളിൽ ഉയർന്ന പ്രതലത്തിൽ സൂക്ഷിക്കുക. തൊഴുത്ത് ഈർപ്പ രഹിതമാക്കാൻ ദിവസവും രണ്ടുപ്രാവശ്യം പുകയേല്പിക്കുക. ആഹാരത്തിനു പുറമെ ദേഹപോഷണങ്ങൾ കൂടി നൽകുക. പനിയുടെ ലക്ഷണം കാണുകയാണെങ്കിൽ ഉടനെ വൈദ്യസഹായം തേടുക |

**മഴ അപായ വർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)

| | | | |
|---|---|---|---|
| താക്കീത് (ഉടൻനടപടിയെടുക്കുക) | ജാഗ്രത (തയ്യാറാവുക) | ശ്രദ്ധ (കാതോർക്കുക) | നിസ്സാരം (നടപടികൾആവശ്യമില്ല) |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷികാലാവസ്ഥസേവപദ്ധതി